(11) ബ്രഹ്മപുരം വൈദ്യുതി നിലയത്തിനടുത്തുള്ള കുടിവെള്ള പദ്ധതി നിലച്ചത് സംബന്ധിച്ച്

ശ്രീ. എം.പി. വർഗ്ഗീസ് : സർ, ബ്രഹ്മപുരം ഡീസൽ പവർ പ്രോജക്ടിന്റെ പ്രവർത്തനം വന്നതോടുകൂടി വൈദ്യുതിരംഗത്ത് വലിയ പുരോഗതിയും നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ആ പ്രോജക്ട് വരുന്നതിനുമുമ്പ് അതിന്റെ പരിധിയിലുള്ള 50-ഓളം വീട്ടുകാർ കുടിവെള്ളം എടുത്തുകൊണ്ടിരുന്നത് ഈ പ്രോജക്ടിന്റെ പരിധിയിൽവരുന്ന സ്ഥലത്തുള്ള കുഴൽക്കിണറിൽ നിന്നായിരുന്നു. ആ കുഴൽക്കിണറിലെ വെള്ളം പമ്പു ചെയ്ത് പൈപ്പ്ലൈൻവഴിയാണ് അവിടെയുള്ള ആ പ്രദേശങ്ങൾക്കെല്ലാം വെള്ളം കൊടുത്തുകൊണ്ടിരുന്നത്. പ്രോജക്ട് വന്നതോടുകൂടി ആ കുടിവെള്ള പദ്ധതി പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുകയാണ്. അവർക്ക് കുടിവെള്ളം കിട്ടാത്ത ഒരു സാഹചര്യം വന്നിരിക്കുകയാണ്. അടിയന്തിരമായി ഈ പ്രോജക്ടിന് ബി.ഡി.പി.പി.യുടെ ചെലവിൽതന്നെ അവിടെ ആവശ്യമായ സൗകര്യമുണ്ടാക്കി ആ പ്രദേശത്തിലെ ആളുകൾക്ക് കുടിവെള്ളം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അതോടൊപ്പം, ബി.ഡി.പി.പി. കൂടി ഉപയോഗിക്കുന്ന ചക്കാലമുകൾ മുസ്ലീം പള്ളി റോഡ് ബി.ഡി.പി.പി.ക്ക് ഏറ്റവും പ്രയോജനമുള്ളതാണ്. ആ റോഡിന്റെ അറ്റകുറ്റപ്പണികളും അതിന്റെ വികസന പ്രവർത്തനങ്ങളും പുത്തൻകുരിശ് പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതിനാവശ്യമായ 100 മീറ്ററോളം സ്ഥലം ബി.ഡി.പി.പി. മൂന്ന് മീറ്റർ വീതിയിൽ വിട്ടുകൊടുക്കേണ്ടതുണ്ട്. നാട്ടുകാരുടെ സ്ഥലം സൗജന്യമായി വാങ്ങിച്ചാണ് ബി.ഡി.പി.പി.യിലേക്കുള്ള റോഡ് വെട്ടിയിട്ടുള്ളത്. പക്ഷേ ഈ റോഡിന് വേണ്ട സ്ഥലത്തിന് വില കൊടുക്കണമെന്നതരത്തിലുള്ള ചില നിലപാടാണ് ബോർഡ് ഉദ്യോഗസ്ഥന്മാർ കൈക്കൊണ്ടിട്ടുള്ളത്. ഈ നിലപാട് മാറ്റി റോഡിന് വേണ്ടിയിട്ടുള്ള 100 മീറ്റർ നീളത്തിൽ മൂന്ന് മീറ്റർ വീതിയിലുള്ള സ്ഥലം സൗജന്യമായി ബോർഡ് വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ബഹുമാനപ്പെട്ട മെംബർ എം.പി.വർഗ്ഗീസ് ഇവിടെ ഉന്നയിച്ചിട്ടുള്ള കടവോട് പുത്തൻകുരിശ് പഞ്ചായത്തിൽ പമ്പുഹൗസ് പണിയുന്നതിന് കുടിവെള്ള ആവശ്യങ്ങൾക്കുവേണ്ടി ഒരു ആർ സ്ഥലം ബോർഡിന്റെ വക സൗജന്യമായി നൽകുന്നതിന് 9.12.1999-ൽ ബോർഡ് ഉത്തരവായിട്ടുണ്ട്. അവിടെ കുടിവെള്ളം ലഭ്യമാക്കുന്നതിന് ബോർഡിന്റെ ചെലവിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാമത് ഉന്നയിച്ച പ്രശ്നം പൊതുവഴി സൗജന്യമായി കൊടുക്കണമെന്നതാണ്. വഴിയുടെ പ്രയോജനം നാട്ടുകാർക്ക് ഉറപ്പു വരുത്തുന്നതിന് ബോർഡിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(12) എസ്.സി./എസ്.ടി. കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. എൻ.ആർ. ബാലൻ : സർ, കേരളത്തിലെ എസ്.സി./എസ്.ടി. കോർപ്പറേഷൻ ജീവനക്കാർ കഴിഞ്ഞ 21 ദിവസമായി പണിമുടക്ക് സമരത്തിലാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണമടക്കമുള്ള ന്യായമായ ആവശ്യങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നവംബർ 24-ാം തീയതി വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിലുണ്ടായ ചർച്ചകളുടെ തീരുമാനങ്ങൾ നടപ്പിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഫെബ്രുവരി 9-ന് ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കാൻ നിർബന്ധിതമായത്. എന്നാൽ 12.2-ന് സർക്കാർ ഇറക്കിയ ഉത്തരവുപ്രകാരം സർക്കാർ ജീവനക്കാർക്കെന്നപോലെ കോർപ്പറേഷൻ ജീവനക്കാർക്കും 1.3.1997 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുണ്ടെങ്കിലും the arrears will be paid only after the corporation paid sufficient fund എന്നാണ് ആ ഉത്തരവിൽ കൂടിശ്ശിക നൽകുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. അത് സമാന സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ കുടിശ്ശിക നൽകുന്നതിനായി അംഗീകരിച്ച പൊതു സമീപനത്തിന് നിരക്കുന്നതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കം അടിയന്തിരമായി പരിഹരിക്കാൻ ആവശ്യമായ നടപടി കൈക്കൊണ്ട് സമരം അവസാനിപ്പിക്കാൻ അനുകൂലമായ സാഹചര്യം ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ഇതുസംബന്ധിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ യൂണിയനും അവിടെ സമരത്തിൽ പങ്കെടുക്കുന്നുണ്ട്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാർ അനിശ്ചിതകാലമായി സമരം നടത്തിവരികയാണ്. ആ സമരത്തിനാധാരമായ കാര്യങ്ങളെല്ലാംതന്നെ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ് ശമ്പള പരിഷ്കരണവും അതുപോലെ ദീർഘകാലമായി അവരുടെ ആവശ്യമായ ഡയിംഗ് ഇൻ ഹാർനസിന്റെ ആനുകൂല്യം അവർക്ക് ലഭിക്കണമെന്നുള്ളതും അംഗീകരിക്കാൻ തയ്യാറാണ്. എന്നാൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഡയിംഗ് ഇൻ ഹാർനസ് പോലുള്ള മറ്റ് ആനുകൂല്യങ്ങളുമെല്ലാം തന്നെ അരിയർ അടക്കം കൊടുത്തുതീർക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അരിയർ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഓർഡർ ഇറക്കിയപ്പോൾ ഒരു വാക്കിലുണ്ടായ ഒരു പ്രശ്നത്തിന്റെ മുകളിലാണ് ഇപ്പോൾ സമരം തുടർന്നുവരുന്നത്. ആ കാര്യം പരിശോധിച്ച് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുന്നതും അതുപോലെ ജീവനക്കാരുടെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ അവർ സമരം പിൻവലിക്കണമെന്ന് രണ്ട് ബഹുമാന്യരായ എം.എൽ.എ.മാരും അഭ്യർത്ഥിക്കണം.

(13) ഷൊർണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന തീവണ്ടിയിലെ ബോഗികളുടെ ശോച്യാവസ്ഥയും നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ ലൈൻ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയും

ശ്രീ. ആര്യാടൻ മുഹമ്മദ് : ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈനിൽ ഇപ്പോൾ ഒരു വണ്ടികൂടെ ഓടുന്നുണ്ട്. പക്ഷെ അതിലെ ബോഗികൾ വളരെ പഴക്കം ചെന്നതാണ്. അതിനകത്ത് കയറിയിരിക്കാൻപോലും കഴിയുകയില്ല. അതിനകത്ത് കയറിയിരുന്നാൽ രോഗം പിടിപെടും. ട്രെയിൻ കയറാൻ പോകുന്ന ആളുകൾ ന്യൂസ് പേപ്പർകൊണ്ടാണ് പോകുന്നത്. ആ ന്യൂസ് പേപ്പർ വിരിച്ച് അല്ലെങ്കിൽ ബഡ്ഷീറ്റ് വിരിച്ച് അതിന് മുകളിലാണ് ഇരിക്കുന്നത്. ആ വണ്ടി ഒരു കാലത്തും കഴുകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly